## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2089 23.03.2012 ൽ മറുപടിയ്ക്ക്**

**സൗജന്യ വൈദ്യുതി കണക്ഷൻ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗക്കാർക്കാണ് വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നത് ; <br> (ബി) സൗജന്യ കണക്ഷൻ കൊടുക്കുന്നവർക്ക് എത്ര ഇലക്ട്രിക് പോസ്റ്റുകളാണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; <br> (സി) വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ചാൽ എത്ര സമയത്തിനുള്ളിൽ കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) 500 വാട്ട്സിന് താഴെ കണക്ട്ഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്ട്സിനു താഴെ കണക്ട്ഡ് ലോഡുള്ള എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും ബോർഡ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണപദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ട്ഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്. <br> പട്ടണപ്രദേശത്ത് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലും ഗ്രാമപ്രദേശങ്ങളിൽ ആർ.ജി.ജി.വി.വൈ പദ്ധതിയിലും വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ലൈൻ നീട്ടൽ പ്രവൃത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആർ.ജി.ജി.വി.വൈ പദ്ധതി വടക്കൻജില്ലകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. സെപ്തംബർ 2012 ഓടെ തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്. തെക്കൻ ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. |

(..........2)

ഇടുക്കി ജില്ലയിൽ ഒന്നാംഘട്ടം പൂർത്തീ-കരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി പദ്ധതി സംസ്ഥാനത്തെ 43 പട്ടണങ്ങളിൽ നടപ്പാക്കിവരികയാണ്.

കൂടാതെ, എം.പി, എം.എൽ.എ ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഫണ്ട് ഇവ ഉപയോഗിച്ചും സർവീസ് കണക്ഷൻ നൽകാൻ വേണ്ടി ലൈൻ നീട്ടൽ പ്രവർത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ നൽകുന്നതിന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള തുക അടയ്ക്കുന്നവർക്ക് കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2005 ൽ പരാമർശിച്ചിട്ടുള്ള സമയ പരിധിയിൽ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്.

സപ്ലൈകോഡ് പ്രകാരം ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ കണക്ഷനു ചെലവാകുന്ന തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ച് ഒരുമാസത്തിനകം നൽകേണ്ടതാണ്. 1 കി.മീ എൽ.റ്റി ലൈൻ വലിയ്ക്കുന്നതിന് 30 ദിവസ സമയപരിധിയും സപ്ലൈ-കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ